**പതിമൂന്നാം കേരള നിയമസഭ**

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## പതിനെട്ടാമത് റിപ്പോർട്ട്

(2014 ഡിസംബർ മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[പട്ടികജാതിപട്ടികവർഗ്ഗക്ഷേമ സമിതി (2004-2006) കാസർഗോഡ്ജില്ലയിലെ
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന
പ്രീ മെട്രിക്, പോസ്റ്റ് മെട്രിക്ഹോസ്റ്റലുകളിലുംമോഡൽ റസിഡൻഷ്യൽ
സ്കൂളുകളിലും നടത്തിയ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ
തയ്യാറാക്കിയ ഏഴാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## പതിനെട്ടാമത് റിപ്പോർട്ട്

(2014 ഡിസംബർ മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[പട്ടികജാതിപട്ടികവർഗ്ഗക്ഷേമ സമിതി (2004-2006) കാസർഗോഡ് ജില്ലയിലെ
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന
പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ
സ്കൂളുകളിലും നടത്തിയ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ
തയ്യാറാക്കിയ ഏഴാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട് ]

46/2015.

## ഉള്ളടക്കം


| | | | | പേജ് |
|---|---|---|---|---|
| സമിതിയുടെ ഘടന | | | .. | v |
| മുഖവുര | | | .. | vii |
| അദ്ധ്യായം I | : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 2 |
| അദ്ധ്യായം III | : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയുംഅനന്തര നടപടികൾ ആവശ്യമുള്ളവയും | .. | 13 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

## ഘടന

<u>ചെയർമാൻ</u> :

ശ്രീ. വി. പി. സജീന്ദ്രൻ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. എ്െ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

## മുഖവുര

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 ഡിസംബർ മാസം 11-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,

*അദ്ധ്യക്ഷൻ,*

*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 17.

# റിപ്പോർട്ട്

## അദ്ധ്യായം I

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2004-2006) കാസർഗോഡ് ജില്ലയിൽ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടത്തിയ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഏഴാമത് റിപ്പോർട്ട് 2004 ജൂലൈ മാസം 20-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന 24 ശിപാർശകളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരുന്നത്.

പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പുകൾ 27-11-2004-ലെ കത്തുമുഖേന പട്ടികജാതി പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസനം, റവന്യൂ എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടിക്കുറിപ്പുകൾ 26-10-2010-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി(2004-2006)-യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽനിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും ഈ റിപ്പോർട്ടിൽ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

സമിതിയുടെ റിപ്പോർട്ടിലെ ഖണ്ഡിക 4, 36 എന്നീ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും ഖണ്ഡിക 35-ലെ ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പും നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തതിനെത്തുടർന്ന് സമിതി 25-11-2014-ൽ പ്രസ്തുത വകുപ്പുകളിൽനിന്ന്, തെളിവെടുപ്പ് നടത്തുകയും എത്രയുംവേഗം നടപടിക്കുറിപ്പ് ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. തെളിവെടുപ്പ് വേളയിൽ ഇനിയും മറുപടി നൽകാനുള്ള ശിപാർശകൾക്കുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എത്രയുംവേഗം നൽകുന്നതാണെന്ന് സമിതിക്ക് ഉറപ്പ് നൽകിയിരുന്നെങ്കിലും സമയബന്ധിതമായി നടപടി കുറിപ്പ് ലഭ്യമാക്കുന്നതിൽ പ്രസ്തുത വകുപ്പുകൾ വീണ്ടും വീഴ്ച വരുത്തുകയാണുണ്ടായത്. സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ശിപാർശകളിന്മേൽ നടപടിക്കുറിപ്പ് എത്രയുംവേഗം ലഭ്യമാക്കണ മെന്നും സമിതി നിർദ്ദേശിക്കുന്നു. സമിതിക്ക് ഇനിയും മറുപടി ലഭിക്കേണ്ട ശിപാർശകളും ഖണ്ഡികയും റിപ്പോർട്ടിലെ അദ്ധ്യായം III ആയി ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ നമ്പർ 2 ഖണ്ഡിക (6)

പൂടംകല്ലിലെ ഹോസ്റ്റലിൽ വെള്ളമെത്തിക്കുന്നതിനായി അക്വയർ ചെയ്ത 2 സെന്റ് സ്ഥലത്തിന്റെ വില ഉടമസ്ഥൻ വാങ്ങാൻ തയ്യാറാകാത്ത സാഹചര്യത്തിൽ കിണർ കുഴിച്ച് വെള്ളമെത്തിക്കുവാൻ പറ്റുന്നതുവരെ പുറമേനിന്ന് ഹോസ്റ്റലിൽ വെള്ളമെത്തിക്കുവാൻ ഏർപ്പെടുത്തിയ താത്ക്കാലിക സംവിധാനം തുടരണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഹോസ്റ്റലിൽ ഇലക്ട്രിക് റീ വയറിംഗ് നടത്തുന്നതിനും ട്യൂബ്, ഫാൻ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനും ടെലിവിഷൻ ലഭ്യമാക്കുന്നതിനും, സത്വര നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. ഹോസ്റ്റലിന് ചുറ്റും മതിൽ കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (പൂടംകല്ല് പട്ടികജാതി പ്രീ മെട്രിക് ബോയ്സ് ഹോസ്റ്റലിനെ സംബന്ധിച്ചത്).

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 19-8-2009-ലെ 25775/ ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി

ഹോസ്റ്റലിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി ഓപ്പൺവെൽ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ, ജലദൗർലഭ്യം വീണ്ടും അനുഭവപ്പെട്ടതിനെത്തുടർന്ന് ഈ ഓപ്പൺവെല്ലിൽ തന്നെ ബോർവെൽ നിർമ്മിച്ചു.l ഇപ്പോൾ ആവശ്യത്തിന് വെള്ളം ലഭിക്കുന്നുണ്ട്. റീ വയറിംഗ് നടത്തിയിട്ടുണ്ട്. ഹോസ്റ്റലിന് ചുറ്റുമതിൽ കെട്ടിയിട്ടുണ്ട്. ട്യൂബ്, ഫാൻ, ടി.വി. എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

### ശിപാർശ നമ്പർ 3 ഖണ്ഡിക (7)

ഹോസ്റ്റൽ ജീവനക്കാർക്ക് ഫാമിലി ക്വാർട്ടേഴ്സ് അനുവദിക്കണമെന്നും ട്യൂഷൻ ടീച്ചേഴ്സിന്റെ ഓണറേറിയം വർദ്ധിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു (കാഞ്ഞങ്ങാട് പട്ടികജാതി പ്രീ മെട്രിക് ഹോസ്റ്റൽ ഫോർ ഗേൾസിനെ സംബന്ധിച്ചത് ).

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 19-8-2009-ലെ 25775/ബി2/ 04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി

ഹോസ്റ്റലിലെ കാലപ്പഴക്കംചെന്ന വയറിംഗ് സമ്പ്രദായം മാറ്റുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. പുറകുവശത്തെ വാതിൽ റിപ്പയർ ചെയ്യുകയും അവിടെ അടുക്കള മുറി കൂടി പണിയുകയും ചെയ്തതിനാൽ സുരക്ഷിതത്വമുണ്ട്. ഇപ്പോൾ അത്തരം പ്രശ്നങ്ങളൊന്നുമില്ല.

ട്യൂഷൻ ഫീസും, നോട്ട് ബുക്കും കൃത്യമായി നൽകിവരുന്നുണ്ട്. ഫാമിലി ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 4 ഖണ്ഡിക (8)</u>

ട്യൂഷൻ പഠിപ്പിക്കുമ്പോൾ എഴുതുന്നതിനായി ഒരു ബ്ലാക്ക് ബോർഡ് ലഭ്യമാക്കണമെന്നും കുട്ടികൾക്ക് കളിക്കുന്നതിനായി ഒരു ഫുട്ബോളും, ഭക്ഷണം പാകം ചെയ്യുന്നതിന് അടുക്കളയിൽ ഗ്യാസ് കണക്ഷൻ ലഭ്യമാക്കണമെന്നും കൂടാതെ, ഹോസ്റ്റലിൽ ഒരു ടെലിവിഷൻ സ്ഥാപിക്കണമെന്നും കുട്ടികൾ സമിതി മുൻപാകെ ആവശ്യപ്പെട്ടു. പ്രസ്തുത ആവശ്യങ്ങൾ പരിഹരിക്കുവാൻ എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു (ബങ്കളം പട്ടികജാതി പ്രീ മെട്രിക് ഹോസ്റ്റൽ ഫോർ ബോയ്സിനെ സംബന്ധിച്ച്).

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/ പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി</u>

നിർദ്ദേശിച്ച പ്രകാരം ബ്ലാക്ക് ബോർഡ് നൽകിയിട്ടുണ്ട്. ഹോസ്റ്റലിൽ ഗ്യാസ് സ്റ്റൗവാണ് നിലവിലുള്ളത്. ഹോസ്റ്റലിൽ കളിക്കുന്നതിനാവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ (ഫുട്ബോൾ) മുതലായവ വിതരണം നടത്തുന്നുണ്ട്. ടെലിവിഷൻ സിസ്റ്റം നിലവിലുണ്ട്.

<u>ശിപാർശ നമ്പർ 5 ഖണ്ഡിക (9)</u>

ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിനുവേണ്ട സ്ഥലം വിട്ടുകിട്ടുന്നതിലേക്കായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി റവന്യൂ വകുപ്പിനോട് ശിപാർശ ചെയ്യുന്നു. (നടക്കാവ് മോഡൽ റസിഡൻഷ്യൽ സ്കൂളിനെ സംബന്ധിച്ചത്).

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/ പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി</u>

ഹോസ്റ്റലിന് സ്വന്തമായി സ്ഥലം ലഭ്യമാക്കി കെട്ടിടനിർമ്മാണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 6 ഖണ്ഡിക (10)</u>

കുട്ടികൾക്കായി ഹോസ്റ്റലിൽ ടെലിവിഷൻ സ്ഥാപിക്കണമെന്നും കമ്പ്യൂട്ടർ പഠന സംവിധാനം ഏർപ്പെടുത്തണമെന്നും പഴയ ഡൈനിംഗ് ടേബിൾ മാറ്റി പുതിയത് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. സ്കൂൾ പ്രിൻസിപ്പൽ ഹോസ്റ്റൽ സന്ദർശിക്കുന്ന പതിവ് നിർബന്ധമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു (കാസർഗോഡ് പട്ടികജാതി പ്രീ മെട്രിക് ഹോസ്റ്റൽ ഫോർ ബോയ്സിനെ സംബന്ധിച്ചത്).

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി</u>

ഹോസ്റ്റലിൽ ടെലിവിഷൻ സ്ഥാപിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ പഠന സംവിധാനം ഇപ്പോൾ നിലവിലുണ്ട്. ഡൈനിംഗ് ടേബിൾ പുതിയതായി വാങ്ങിയിട്ടുണ്ട്. കാലാകാലങ്ങളിൽ ആവശ്യമായ റിപ്പയറുകൾ നടത്തിവരുന്നുണ്ട്. സ്കൂൾ പ്രിൻസിപ്പൽ ഹോസ്റ്റൽ സന്ദർശിക്കണമെന്ന് കാസർഗോഡ് ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 7 ഖണ്ഡിക (11)</u>

ഒഴിവുകൾ എത്രയുംവേഗം നികത്തണമെന്നും ഓരോ വിഭാഗത്തിനും നീക്കിവച്ചിരിക്കുന്ന സീറ്റുകളിലേക്ക് കുട്ടികളെ ലഭിക്കാതെ വന്നാൽ തർക്കമില്ലാത്ത വിധത്തിൽ മറ്റ് വിഭാഗങ്ങളെക്കൂടി അഡ്മിറ്റ് ചെയ്യണമെന്നും ഇത് സംബന്ധിച്ച് സർക്കാർ തലത്തിൽ ബന്ധപ്പെടണമെന്നും സമിതി നിർദ്ദേശിക്കുന്നു. കേടായ ടെലിവിഷൻ ഉപയോഗപ്രദമാക്കണമെന്നും ഹോസ്റ്റലിൽ കമ്പ്യൂട്ടർ സ്ഥാപിക്കണമെന്നും കുട്ടികൾക്ക് സ്പോർട്സ് കിറ്റ് നൽകണമെന്നും ഹോസ്റ്റലിൽ ഒരു കോയിൻബൂത്ത് സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഹോസ്റ്റൽ ജീവനക്കാർക്കായി ക്വാർട്ടേഴ്സ്, ഹോസ്റ്റലിന്റെ ചുറ്റുമതിൽ എന്നിവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്ത് കുട്ടികൾക്ക് പഠിക്കുന്നതിന് ആവശ്യമായ സാഹചര്യം ഒരുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു (കാസർഗോഡ് പട്ടികജാതി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഫോർ ബോയ്സിനെ സംബന്ധിച്ചത്).

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി</u>

ഹോസ്റ്റലിലുണ്ടാവുന്ന ഒഴിവുകൾ യഥാസമയം നികത്താറുണ്ട്. മറ്റ് വിഭാഗത്തിന്റെ ഒഴിവുകൾ തർക്കമറ്റരീതിയിൽ തന്നെയാണ് നികത്തിവരുന്നത്. ഹോസ്റ്റലിലെ ടി.വി., കമ്പ്യൂട്ടർ സിസ്റ്റം എന്നിവ പ്രവർത്തനക്ഷമമാണ്. കുട്ടികൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യാറുണ്ട്. ഹോസ്റ്റലിൽ ഫോൺ സൗകര്യം നിലവിലുണ്ട്. ഹോസ്റ്റലിന് ചുറ്റുമതിൽ നിലവിലുണ്ട്. ഹോസ്റ്റൽ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഹോസ്റ്റലിന് ആവശ്യമായ അറ്റകുറ്റപ്പണികൾ യഥാസമയം സ്വീകരിച്ചുവരുന്നുണ്ട്.

<u>ശിപാർശ നമ്പർ 8 ഖണ്ഡിക (12)</u>

ഹോസ്റ്റലിന്റെ മുന്നിലുള്ള ബസ് സ്റ്റോപ്പിൽ ബസ് നിർത്തി രാവിലെയുള്ള സമയത്ത് കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനായി പോലീസിന്റെ സേവനം ലഭ്യമാക്കുവാൻ നടപടി

സ്വീകരിക്കുന്നതിനും കുട്ടികൾക്ക് നൽകിയിട്ടുള്ള ഇരുമ്പുപെട്ടിക്ക് പകരം തടിപ്പെട്ടി നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. ഹോസ്റ്റൽ നടത്തിപ്പിനുള്ള ഫണ്ട് യഥാസമയം മുനിസിപ്പാലിറ്റിയിൽനിന്നും ലഭിക്കുന്നില്ലെന്നും അതുമൂലം പലവ്യഞ്ജനത്തിനും മലക്കറിക്കും ഗ്യാസിനും പണം കൊടുക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്നും വാർഡൻ സമിതിയെ അറിയിച്ചു. ടി പരാതി പരിഹരിക്കുന്നതിനായി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പട്ടികജാതി വികസന ഓഫീസറോട് സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി

ഹോസ്റ്റലിന് മുന്നിലെ ബസ് സ്റ്റോപ്പിൽ ബസ് നിർത്തുന്നത് സംബന്ധിച്ച് ഇപ്പോൾ പ്രശ്നങ്ങളൊന്നുമില്ലെന്ന് റിപ്പോർട്ട് ചെയ്യുന്നു. ഇപ്പോൾ കുട്ടികൾ തടിപ്പെട്ടിയാണ് ഉപയോഗിക്കുന്നത് എന്നും അറിയിക്കുന്നു. ഹോസ്റ്റൽ നടത്തിപ്പ് സംബന്ധിച്ച് ആവശ്യമായ പണം യഥാസമയം ലഭ്യമാക്കുന്നതിന് ബ്ലോക്ക് പട്ടികജാതി ഓഫീസർമാർ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത് സംബന്ധിച്ച് ഇപ്പോൾ ഹോസ്റ്റൽ സ്റ്റാഫിന്റെ ഭാഗത്തുനിന്ന് പരാതികളൊന്നുമില്ലെന്ന് റിപ്പോർട്ട് ചെയ്യുന്നു.

ശിപാർശ നമ്പർ 9 ഖണ്ഡിക (13)

സ്ഥലസൗകര്യം അപര്യാപ്തമായതിനാൽ പുതിയ കെട്ടിടം എത്രയുംവേഗം നിർമ്മിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. തകരാറായ ടെലിവിഷൻ നന്നാക്കി എടുക്കുന്നതിനും മലയാള പത്രത്തിനുപുറമേ കന്നട പത്രം കൂടി ലഭ്യമാക്കുന്നതിനും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, റീ വയറിംഗ് എന്നിവ നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു (കാറഡുക്ക പട്ടികജാതി പ്രീ മെട്രിക് ഹോസ്റ്റൽ ഫോർ ബോയ്സിനെ സംബന്ധിച്ച്).

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി

ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ടെലിവിഷൻ പ്രവർത്തനക്ഷമമാണ്. കന്നട പത്രം വിതരണം ചെയ്തുവരുന്നുണ്ട്.

ശിപാർശ നമ്പർ 10 ഖണ്ഡിക (14)

ഒഴിവുള്ള സീറ്റുകളിൽ അർഹതയുള്ള പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളെ കണ്ടെത്തി പ്രവേശനം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്നും ടെലിവിഷൻ, ഇസ്തിരിപ്പെട്ടി, ഫുട്ബോൾ എന്നിവ ഹോസ്റ്റലിന് ലഭ്യമാക്കണമെന്നും

സമിതി ശിപാർശ ചെയ്യുന്നു. 1988-ൽ നിർമ്മിച്ച കെട്ടിടത്തിന്റെ മുകൾ നിലയിലെ എല്ലാ മുറികളിലും ചോർച്ച ഉള്ളതിനാൽ അറ്റകുറ്റപ്പണികൾ ഉടനടി നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു (വാണിനഗർ പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ ഫോർ ബോയ്സിനെ സംബന്ധിച്ചത്).

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി</u>

2003-ൽ പട്ടിവർഗ്ഗ ലിസ്റ്റ് ഭേദഗതി വരുത്തിയശേഷം കാസർഗോഡ് ജില്ലയിലെ മറാട്ടി വിഭാഗക്കാർ പട്ടികവർഗ്ഗ ലിസ്റ്റിൽനിന്നും ഒഴിവായി. ഇതിന്റെ ഭാഗമായി വാണിനഗർ ഹോസ്റ്റൽ സ്ഥിതിചെയ്യുന്ന പഞ്ചായത്തുകളിലും സമീപപ്രദേശങ്ങളിലും പട്ടികവർഗ്ഗ ജനവിഭാഗം തീരെകുറഞ്ഞു. അതിനുപുറമെ ഈ ഹോസ്റ്റലിന് അടുത്തുള്ള പഡ്രെ ഹൈസ്കൂൾ കന്നട മീഡിയമായതിനാൽ മറ്റ് മേഖലകളിലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാണിനഗർ പ്രീ മെട്രിക് ഹോസ്റ്റലിൽ പ്രവേശനം നൽകാൻ കഴിയുകയില്ല. കാസർഗോഡ് ജില്ലയിലെ മറ്റു പ്രദേശത്തുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾ മലയാളം മീഡിയം പഠിക്കുന്നവരാണ്. ആയതിനാൽ ഇവിടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ലഭിക്കുവാൻ പ്രയാസമാണ്. ഈ ഹോസ്റ്റലിലെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 11 ഖണ്ഡിക (15)</u>

പഠനത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യരുതെന്നും മാസത്തിലൊരിക്കൽ കുട്ടികളുടെ പഠന നിലവാരം റിവ്യൂ ചെയ്യണമെന്നും ട്യൂഷൻ ടീച്ചേഴ്സുമായി ഇക്കാര്യം ചർച്ച ചെയ്യണമെന്നും ബന്ധപ്പെട്ട അധികാരികൾ ഇക്കാര്യം നിരന്തരം നിരീക്ഷണത്തിനു വിധേയമാക്കണമെന്നും 5, 6, 7 എന്നീ ക്ലാസ്സുകളിലെ കുട്ടികൾക്കുകൂടി ട്യൂഷൻ നൽകുവാൻ സംവിധാനം ഉണ്ടാകണമെന്നും 8, 9 ക്ലാസ്സുകളിലെ കുട്ടികളെ കൂടുതൽ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഫുട്ബോൾ മറ്റ് കളിക്കോപ്പുകൾ എന്നിവ വാങ്ങി നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. (ബദിയടുക്ക പട്ടികജാതി പ്രീ മെട്രിക് ഹോസ്റ്റൽ ഫോർ ബോയ്സിനെ സംബന്ധിച്ചത്).

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി</u>

കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും യോഗങ്ങൾ ചേരുകയും നിരന്തര പരിശ്രമം നടത്തിവരികയും ചെയ്യുന്നുണ്ട്. ട്യൂഷൻ സംവിധാനം നടപ്പിലാക്കിവരുന്നുണ്ട്. പഠന നിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. സ്പോർട്സ് കിറ്റ് വിതരണം

ചെയ്യാറുണ്ട്.

<u>ശിപാർശ നമ്പർ 12 ഖണ്ഡിക (16)</u>

ഒഴിവുള്ള വേക്കൻസികൾ എസ്.ടി. കുട്ടികളെ കൊണ്ടുമാത്രമേ നികത്താവൂ എന്നതിന്മേൽ പുനർചിന്തനം വേണമെന്നും എസ്.ടി. വിഭാഗക്കാരെ കിട്ടിയില്ലെങ്കിൽ എസ്.സി. വിഭാഗക്കാരെയും നിയമപരമായി അർഹതയുള്ള ഒ.ഇ.സി. വിഭാഗക്കാരെയും പരിഗണിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു (കാസർഗോഡ്, ഉദുമ പട്ടികവർഗ്ഗ മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസിനെ സംബന്ധിച്ചത് ).

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി</u>

കാസർഗോഡ് ജില്ലയിൽ പരവനടുക്കത്ത് പെൺകുട്ടികൾക്ക് മാത്രമായി പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിലവിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിലായി അനുവദനീയമായ 210 കുട്ടികൾ പഠിക്കുന്നുണ്ട്. നിലവിൽ ഒഴിവുകൾ ഇല്ല. നിലവിൽ സ്വന്തം കെട്ടിടത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയാണ് സ്കൂൾ പ്രവർത്തിച്ചുവരുന്നത്. ടി സ്കൂളിൽ സയൻസ്, കൊമേഴ്സ് വിഷയങ്ങളിൽ രണ്ട് പ്ലസ് ടു ബാച്ചുകളിലായി 144 വിദ്യാർത്ഥിനികളും പഠിക്കുന്നുണ്ട്.

<u>ശിപാർശ നമ്പർ 13 ഖണ്ഡിക (17)</u>

ലാബ് ഉപകരണങ്ങൾ മ്യൂസിക് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാനും വാഹന സൗകര്യം, സ്ഥലപരിമിതി എന്നിവ പരിഹരിക്കുവാനും നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു [കാസർഗോഡ് (ഉദുമ) പട്ടികവർഗ്ഗ മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസിനെ സംബന്ധിച്ചത് ].

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി</u>

പരവനടുക്കത്ത് 10 ഏക്കർ സ്ഥലത്തായി 350 പെൺകുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനാവശ്യമായ കെട്ടിടസൗകര്യങ്ങൾ ഒരുക്കുകയും ലാബ് ഉപകരണങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന് ആവശ്യമായ വാഹന സൗകര്യം കരാറടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്കും മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രിൻസിപ്പലിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ നമ്പർ 14 ഖണ്ഡിക (18)

ജില്ലയിലെ ഹോസ്റ്റലുകളുടെ സ്ഥിതി വളരെ ദയനീയമാണെന്നും ഇത് പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കണമെന്നും മാസത്തിലൊരിക്കൽ സ്കൂൾ പ്രിൻസിപ്പൽമാർ ഹോസ്റ്റൽ സന്ദർശിക്കണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സഹായം യഥാസമയം ഹോസ്റ്റലുകൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും സ്വന്തമായി കെട്ടിടമില്ലാത്ത ഹോസ്റ്റലുകൾക്ക് കെട്ടിടം പണിയാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 14-10-2005-ലെ 33751/ പി3/05/ തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വരുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനങ്ങളായതുകൊണ്ട് അവയുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തുന്നതിന് 2004 മുതൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും 'മെയിന്റനൻസ് ഗ്രാന്റ് ' നൽകുന്നുണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത ഹോസ്റ്റലുകൾക്ക് കെട്ടിടം പണിയുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിലെ എസ്.സി.പി., റ്റി.എസ്.പി. ഫണ്ട് വിനിയോഗിച്ച് കെട്ടിടങ്ങൾ പണിയുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അറ്റകുറ്റപ്പണികൾ നടത്തേണ്ട ഹോസ്റ്റൽ കെട്ടിടങ്ങൾ, സ്വന്തമായി കെട്ടിടം ഇല്ലാത്ത ഹോസ്റ്റലുകൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് (തദ്ദേശസ്വയംഭരണ വകുപ്പിനെ അറിയിച്ചതിനുശേഷം) നടപടി സ്വീകരിക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി

കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിൽ ഉടലെടുക്കുന്ന പ്രശ്നങ്ങൾ മുൻകൂട്ടി കണ്ടെത്തി പരിഹരിച്ചുവരുന്നു. ഹോസ്റ്റൽ സന്ദർശനത്തിന് സ്കൂൾ ഹെഡ്മാസ്റ്റർ/പ്രൻസിപ്പൽമാരോട് നിർദ്ദേശം നൽകണമെന്ന് കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ പ്ലാന്തോട്, വാണിനഗർ എന്നീ ഹോസ്റ്റലുകൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. കുറ്റിക്കോൽ ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കാസർഗോഡ് ഉദുമ മോഡൽ റസിഡൻഷ്യൽ സ്കൂൾ, ചെമ്മനാട് ഗ്രാമപഞ്ചായത്ത്

പരവനടക്കത്ത് ലഭ്യമാക്കിയ പത്തേക്കർ സ്ഥലത്ത് 350 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കാൻ സൗകര്യമുള്ള തരത്തിൽ പുതിയതായി പണി കഴിപ്പിച്ച കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 15 ഖണ്ഡിക (20)

എം.ആർ.എസ്സുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്ന സംസ്ഥാനതല ഗവേണിംഗ് ബോഡി, തീരുമാനങ്ങൾ പെട്ടെന്ന് എടുക്കാനുള്ള അധികാരം ജില്ലാ സമിതികൾക്ക് കൈമാറാനുള്ള നിർദ്ദേശം അംഗീകരിച്ചിട്ടുണ്ടെന്നും എം.ആർ.എസ്സുകളുടെ കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് എം.ആർ.എസ്. സൊസൈറ്റികളെയോ ഗവൺമെന്റ് ഏജൻസികളേയോ ഏൽപ്പിക്കാൻ കേന്ദ്ര സർക്കാർ ശിപാർശ ചെയ്തിട്ടുണ്ടെന്നും യോഗത്തിൽ ഹാജരായിരുന്ന പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇത്തരം ജില്ലാ സമിതികളിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി

പുതുതായി പണി കഴിപ്പിച്ച കെട്ടിടത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് സംസ്ഥാനതല ഗവേണിംഗ് ബോഡി പ്രവർത്തിക്കുന്നതുപോലെ ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല സമിതികളും പ്രവർത്തിച്ചുവരുന്നുണ്ട്.

ശിപാർശ നമ്പർ 16 ഖണ്ഡിക (21)

എം.ആർ.എസ്സുകൾക്ക് പ്രവർത്തിക്കാൻ വാടകകെട്ടിടങ്ങൾ ഉപയോഗിക്കുന്നതിലൂടെ വാടകയിനത്തിൽ സർക്കാരിനുണ്ടാകുന്ന ഭീമമായ നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്നും പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുമ്പോൾ അവ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് സമീപമായിരിക്കാനും ഹോസ്റ്റൽ വാർഡനും മറ്റ് ജീവനക്കാർക്കും സ്റ്റാഫ് ക്വാർട്ടേഴ്സ് അനുവദിക്കാനും സമിതി ആവശ്യപ്പെടുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഒരെണ്ണം മാത്രമേ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുള്ളൂ. പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുമ്പോൾ

അവ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് സമീപമായിരിക്കാനും സ്ഥല ലഭ്യതയുടെയും ഫണ്ടിന്റെയും അടിസ്ഥാനത്തിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

<u>ശിപാർശ നമ്പർ 17 ഖണ്ഡിക (22)</u>

എം.ആർ.എസ്സുകൾക്ക് സ്ഥലം കണ്ടെത്തുമ്പോൾ ജലദൗർലഭ്യമുള്ള പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിൽ സമിതി കടുത്ത ആശങ്ക പ്രകടിപ്പിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുള്ള സ്ഥലങ്ങൾ മാത്രമേ ഹോസ്റ്റൽ നിർമ്മാണത്തിനായി തെരഞ്ഞെടുക്കാവൂ എന്നും ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി</u> ।

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് സ്ഥലം കണ്ടെത്തുമ്പോൾ സ്ഥലം ലഭ്യതയുടെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ജലദൗർലഭ്യമുള്ള സ്ഥലങ്ങൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

<u>ശിപാർശ നമ്പർ 18 ഖണ്ഡിക (23)</u>

ഭാവിയിൽ ഹോസ്റ്റലുകളും മോഡൽ റസിഡൻഷ്യൽ സ്കൂളുകളും അനുവദിക്കുമ്പോൾ യാത്രാ സൗകര്യവും ജലലഭ്യതയുമുള്ള സ്ഥലങ്ങൾ തെരഞ്ഞെടുക്കണമെന്നും സ്ഥല സൗകര്യം, കെട്ടിട സൗകര്യം, ആവശ്യമായ അദ്ധ്യാപകർ എന്നിവ സ്കൂൾ പ്രവർത്തിച്ച് തുടങ്ങുന്നതിനുമുമ്പുതന്നെ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി</u>

ഹോസ്റ്റലുകളും മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പുതന്നെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് പരമാവധി മുൻഗണന നൽകി വരുന്നുണ്ട്.

<u>ശിപാർശ നമ്പർ 19 ഖണ്ഡിക (24)</u>

എം.ആർ.എസ്. ഹോസ്റ്റലുകളിലെ കാര്യങ്ങൾ അന്വേഷിക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കുന്നതിനുമായി നിയമിച്ചിട്ടുള്ള ഡെപ്യൂട്ടി ഡയറക്ടർ സ്ഥിരമായി ഹോസ്റ്റലുകൾ സന്ദർശിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി</u>

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസറും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സന്ദർശിക്കുകയും സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും മെച്ചപ്പെട്ട പ്രവർത്തനം ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്.

ശിപാർശ നമ്പർ 20 ഖണ്ഡിക (26)

അഞ്ചു വർഷം മുൻപ് ആരംഭിച്ച ഉദുമ എം.ആർ.എസ്സിന്റെ കെട്ടിടം പണി ഇനിയും ആരംഭിക്കാതിരുന്നത് അത്യന്തം ഖേദകരമാണെന്നും കെട്ടിടവാടകയിനങ്ങളിൽ സർക്കാരിന് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാക്കിയത് കൂടാതെ 210 കുട്ടികൾ വേണ്ടത്ര സ്ഥലസൗകര്യമില്ലാതെ ഇവിടെ തിങ്ങിഞെരുങ്ങിക്കഴിയുകയാണെന്നും റവന്യൂ വകുപ്പിന്റെ അനാസ്ഥയാണ് ഇതിന് കാരണമെന്നും അഡ്വാൻസ് പൊസഷൻ നൽകുന്നതിന് രണ്ടു വർഷത്തെ കാലതാമസം ഉണ്ടായത് വലിയ വീഴ്ചയാണെന്നും മറ്റു പല ആവശ്യങ്ങൾക്കും അഡ്വാൻസ് പൊസഷൻ റവന്യൂ ഡിപ്പാർട്ട്മെന്റ് വളരെപെട്ടെന്ന് നല്കാറുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ, അടുത്ത വർഷം +1 ക്ലാസ്സ് തുടങ്ങുന്ന ഇവിടെ സമയബന്ധിതമായി സ്ഥലം ലഭ്യമാക്കി സ്ഥിരമായ കെട്ടിടം നിർമ്മിച്ച് വാടക കെട്ടിടത്തിൽ നിന്ന് സ്കൂൾ പ്രവർത്തനം മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് 19-8-2009-ലെ 25775/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി

പെൺകുട്ടികൾക്കായുള്ള ഉദുമ മോഡൽ റസിഡൻഷ്യൽ സ്കൂൾ 350-ൽപ്പരം വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളോടെ പരവനടക്കം എന്ന സ്ഥലത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 21 ഖണ്ഡിക (28)

ആൺകുട്ടികളെയും പെൺകുട്ടികളെയും പ്രത്യേകം പ്രത്യേകം കെട്ടിടങ്ങളിൽ താമസിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ അതത് സ്കൂളുകളിൽ തന്നെ താമസിക്കണമെന്നത് നിർബന്ധമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. എം.ആർ.എസ്. സമിതിക്ക് പരിഹരിക്കാൻ കഴിയാത്ത കാര്യങ്ങളുണ്ടെങ്കിൽ അത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ വയനാട് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന തിരുനെല്ലി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ആൺകുട്ടികളും പെൺകുട്ടികളും പഠിക്കുന്നുണ്ട്. ഈ കുട്ടികളെ പ്രത്യകം കെട്ടിടങ്ങളിലാണ് താമസിപ്പിക്കുന്നത്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ എന്നിവർക്ക് താമസിക്കുന്നതിന് സ്ഥലലഭ്യതയുടെയും ഫണ്ടിന്റെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ ക്വാർട്ടേഴ്സുകൾ പണിയുന്നുണ്ട്.

## ശിപാർശ നമ്പർ 22 ഖണ്ഡിക (35)

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് മുൻകൂർ കൈവശാവകാശം നൽകിയിട്ടുള്ള സ്ഥലങ്ങൾക്ക് ഔപചാരിക കൈമാറ്റം നൽകുന്നതിനുവേണ്ട ഉത്തരവ് പുറപ്പെടുവിക്കാൻ തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകൾ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## റവന്യൂ വകുപ്പിൽനിന്നും 30-11-2009-ലെ 15462/ആർ 1/07/റവ നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി

ഭൂമി മുൻകൂർ ആയി കൈമാറിയ കേസുകളിൽ ഔപചാരിക കൈമാറ്റ നിർദ്ദേശം തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് നൽകിയ വിവരം അറിയിക്കുന്നു.

## ശിപാർശ നമ്പർ 24 ഖണ്ഡിക (37)

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽനിന്നും കുട്ടികൾ ഇടയ്ക്കുവച്ച് കൊഴിഞ്ഞു പോകുന്നതുമൂലം ധാരാളം വേക്കൻസികൾ ഉണ്ടാകുന്നുണ്ടെന്നും ഇത് നികത്തുന്നതിനായി പ്രാദേശിക പത്രങ്ങളിൽ പരസ്യം നൽകി ടെസ്റ്റ് നടത്തി അതിൽനിന്നും കുട്ടികളെ തെരഞ്ഞെടുക്കുന്ന നിലവിലുള്ള രീതി കാലതാമസം നേരിടുന്നതാകയാൽ തൊട്ടടുത്ത സ്കൂളുകളിൽനിന്നും സമർത്ഥരായ കുട്ടികളെ എടുക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 19-8-2009-ലെ 25775/ബി2/04/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ച മറുപടി

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽനിന്നും കുട്ടികൾ ഇടയ്ക്കുവച്ച് കൊഴിഞ്ഞു

പോകുമ്പോൾ ഉണ്ടാകുന്ന ഒഴിവുകളിൽ ടി മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ സമീപത്തുള്ള സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലുള്ള കുട്ടികളിൽനിന്നും പരീക്ഷ നടത്തി പ്രവേശനം നൽകാറുണ്ട്.

## അദ്ധ്യായം III

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയുംഅനന്തരനടപടികൾ ആവശ്യമുള്ളവയും

| *ക്രമ നമ്പർ* | *സമിതിയുടെ ശിപാർശ* | *ഖണ്ഡിക* | *ശിപാർശ നമ്പർ* | *വകുപ്പ്* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കിണർ കുഴിക്കുന്നതിനായി ഹോസ്റ്റലിന് സമീപം കണ്ടെത്തിയ 7 സെന്റ് സ്ഥലം നെഗോഷിയേറ്റ് ചെയ്ത് കിണറും പമ്പും സ്ഥാപിച്ച് വെള്ളം ലഭ്യമാക്കുവാൻ ഉടനടി നടപടി സ്വീകരിക്കണമെന്നും പുതിയ കെട്ടിടം പ്രവർത്തനയോഗ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇപ്പോഴത്തെ ഹോസ്റ്റലിൽ ടെലിവിഷൻ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു (മാലക്കല്ല് ട്രൈബൽ ബോയ്സ് ഹോസ്റ്റലിനെ സംബന്ധിച്ചത്) | 4 | 1 | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് |
| 2 | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് മുൻകൂർ കൈവശാവകാശം നൽകിയിട്ടുള്ള സ്ഥലങ്ങൾക്ക് ഔപചാരിക കൈമാറ്റം നൽകുന്നതിന് വേണ്ട ഉത്തരവ് പുറപ്പെടുവിക്കാൻ തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ | 35 | 22 | തദ്ദേശസ്വയം ഭരണവകുപ്പ് |

| | | | | |
|---|---|---|---|---|
| | വകുപ്പുകൾ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | | | |
| (1) | (2) | (3) | (4) | (5) |
| 3 | എം.ആർ.എസ്സുകൾ കുറ്റമറ്റനിലയിൽ നടത്തണമെന്നും കെട്ടിടത്തിന്റേതുൾപ്പെടെയുള്ള എല്ലാ കാര്യങ്ങൾ സംബന്ധിച്ചും ഉന്നതതല ഉദ്യോഗസ്ഥൻ റിവ്യൂ നടത്തണമെന്നും പ്രസ്തുത റിവ്യൂ റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു | 36 | 23 | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് |

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 11.